# GOVERNMENT OF KERALA

## Abstract

Scheduled Castes Scheduled Tribes Development Department – Recommended to the Government of India for inclusion of Kalanadi Community in the list of Scheduled Tribes of the State - Orders issued.

**SCHEDULED CASTES/SCHEDULED TRIBES DEVELOPMENT (G) DEPARTMENT**

G.O.(Ms)No.32/2024/SCSTD Dated,Thiruvananthapuram, 15-10-2024

Read 1 Judgment dated 23.02.2022 of the Hon'ble High Court of Kerala in W.P(C)No.6362/2012 filed by Kalanadi Community Committee.

2 Letter No. F.No. 19020/06/2018-C&LM (E:11151) dated 06.06.2022 from the Under Secretary, Ministry of Tribal Affairs (C&LM Division), Government of India.

3 Government Letter No. 19/G1/2022/SCSTDD dated 10.04.2023.

4 Letter No. KTDS/344/2023-V dated 18.09.2023 from the Director, Kerala Institute of Research Training and Development Studies (KIRTADS).

## ORDER

The Secretary, Kalanadi Community Committee filed WP(C)No.6362/2012 before the Hon'ble High Court of Kerala for the inclusion of Kalanadi Community in the list of Scheduled Tribes of the State. The Hon'ble High Court of Kerala disposed of the above Writ Petition vide judgement read as first paper above with the following directions:-

i) “The petitioner is free to file a representation narrating their grievance before the 1st respondent (the Secretary, Ministry of Social Justice and Empowerment, Union of India), within one month from the date of receipt of a copy of this judgment.

ii) Once such a representation is received by the 1st respondent, the 1st respondent will consider the same and pass appropriate orders in it, in accordance to law.

iii) The petitioner will produce a copy of the writ petition together with

a certified copy of the Judgment before the 1st respondent for compliance".

2) As per the directions of the Hon'ble High Court of Kerala, Sri.Krishnankutty, Secretary, Kalanadi Community Committee submitted a representation dated 28.03.2022 before the Ministry of Social Justice and Empowerment, Government of India to include the Kalanadi Community in the list of Scheduled Tribes of the State. Subsequently, the Under Secretary, Ministry of Tribal Affairs (C&LM Division), Government of India vide letter read as second paper above forwarded the representation to State Government to take further action on the Orders of the Hon'ble High Court of Kerala.

3) Accordingly, Government have directed the Vigilance Cell of Kerala Institute for Research, Training and Development Studies (KIRTADS), vide letter read as third paper above to prepare a study report regarding the inclusion of the Kalanadi Community in the list of Scheduled Tribes of the State. The Vigilance Cell of KIRTADS conducted a study on the eligibility of Kalanadi Community for inclusion in the list of Scheduled Tribes of the State and submitted a report vide letter read as fourth paper above.

4) In the detailed anthropological field study done by KIRTADS, it was revealed that 'Kalanadi', found in the South Western portions of Wayanad, is one of the earliest inhabitants of this District in Kerala State. The Kalanadi community, following a complete tribal lifestyle and customs, has every right to be included in the list of Scheduled Tribes of the State due to characteristics such as their own language, ancient and primitive traits, distinctive culture, isolated behaviour, tribal rules, primitive economic activity, geographical isolation, educational and socio-economic backwardness and declining population. The Kalanadi community has all the necessary features that qualify them as a nomadic community such as (i) dependency on pastoralism, (ii) entertaining other communities, and (iii) providing medicines and herbs for livelihood. It had seasonal physical movement as part of their livelihood strategy, which is the most important feature of a nomadic lifestyle. Historically, the Kalanadies were hunters, agriculturists and pastoralists, primarily focused on cattle rearing. Their 'Sankranthi' songs reflect this heritage, serving as entertainment linked to their seasonal activities. Additionally, they are skilled healers, offering remedies for ailments like burns and muscle sprains. The name "Kalanadi" is associated with a ritual dance performed for spiritual and

entertainment purposes. Despite moving away from a fully nomadic lifestyle due to the loss of grazing lands, they continue to rely on cattle rearing as a secondary income source. It is reported that the Kalanadi is a nomadic group with tribal community organization and way of life.

5) Government have examined the recommendation of the Vigilance Cell, KIRTADS to include the 'Kalanadi' community in the list of Scheduled Tribes of the State, as the community exhibits certain criteria for inclusion like primitive traits, distinctive culture, limited interaction with others and signs of backwardness. The authority to include a community in the list of Scheduled Tribes of the State is vested with the Central Government (Parliament), under Article 342(2) of the Constitution of India. The Government are therefore pleased to issue orders recommending to the Government of India to include the 'Kalanadi' (കളനാടി) community in the list of Scheduled Tribes of the State.

(By order of the Governor)
PUNEET KUMAR I A S
ADDITIONAL CHIEF SECRETARY

To:
1) The Secretary, Ministry of Tribal Affairs (C&LM Division), Government of India, Rajendra Prasad Road, Shastri Bhawan, New Delhi 110001.
2) The Advocate General, High Court of Kerala, Ernakulam.
3) Sri. Krishnankutty, Secretary, Kalanadi Community Committee, Kalapura House, Cheeyambam Post, Pulpally, Wayanad - 673 579.
4) The Director, KIRTADS, Chevayoor, Kozhikkode-17.
5) Information & Public Relations (Web and New Media) Department (for uploading in the Government website).
6) General Administration (SC) Department (Vide Item No. 2442 dated 10.10.2024).
7) Stock File/Office Copy.

Forwarded /By order
Signed by
Suchitra S S
Date: 15-10-2024 16:34:25
Section Officer

Copy to:- 1. P.S to the Hon'ble Minister for Welfare of SC-ST and Backward Classes.
2. P.S. to Additional Chief Secretary, SCST&BCDD.

3. CA to Additional Secretary, SCSTDD

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-10-2024

ഫയൽ നം. ജി1/19/2022/പജപവവിവ. ഇനം നം: 2442

വിഷയം : പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - കളനാടി സമുദായത്തെ സംസ്ഥാന പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.

**GOVERNMENT OF KERALA**
**(SHRI. PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File No. | : | G1/19/2022/SCSTDD |
| 2. | Department | : | SCST Development (G) Department |
| 3. | Subject | : | Forwarding the recommendation for inclusion of Kalanady Community in the Scheduled Tribe List of the State to Union Ministry- Reg. |
| 4. | Date of Chief Minister's Order for placing before the Council. | : | 09.08.2024 |
| 5. | (i) Does the case involve financial commitments/ implications<br><br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | :<br><br>:<br><br>: | No<br><br>No<br><br>No |
| 6. | Are any other Department concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Sri. Anilkumar C. |
| 8. | Name of Additional Chief Secretary who approved the Draft Note | : | Sri.Puneet Kumar |
| 9. | Date of approval of the Draft Note for the Council by the Additional Chief Secretary. | : | 23.09.2024 |
| 10. | Name of Chief Secretary who approved the Draft Note. | : | Smt. Sarada Muraleedharan |
| 11. | Date of approval of the Draft Note for the Council by the Chief Secretary. | : | 27.09.2024 |
| 12. | Name of Minister who approved the Draft Note. | : | Sri.O.R.Kelu |
| 13. | Date of approval of the Draft Note for the Council by the Minister | : | 01.10.2024 |
| 14. | Date of submission of fair copies | : | 04-10-2024 |
| 15. | Date of decision by the Council of Ministers | : | 10-10-2024 |
| 16. | Number and date of the G.O./letter communicating the decision. | : | |

# NOTE FOR THE COUNCIL OF MINISTERS

This note deals with the proposal for inclusion of Kalanady Community in the Scheduled Tribe List of the State. The Secretary, Kalanady Community Committee filed WP(C)No.6362/2012 before the Hon'ble High Court of Kerala for inclusion of Kalanady Community in the Scheduled Tribe List of the State. Vide Judgment dated 23.02.2022, the Hon'ble High Court disposed of the above Writ Petition with the following directions:-

1. "The petitioner is free to file a representation narrating their grievance before the 1st respondent (the Secretary, Ministry of Social Justice and Empowerment, Union of India), within one month from the date of receipt of a copy of this judgment.
2. Once such a representation is received by the 1st respondent, the 1st respondent will consider the same and pass appropriate orders in it, in accordance to law.
3. The petitioner will produce a copy of the writ petition together with a certified copy of the Judgment before the 1st respondent for compliance".

**2)** On the basis of above judgment, Sri.Krishnankutty, Secretary, Kalanady Community Committee has submitted a representation before the Ministry of Social Justice and Empowerment, Union of India with a request to take necessary steps to include the Kalanady Community in the Scheduled Tribe List of the State. Subsequently, the Under Secretary, Ministry of Tribal Affairs (C&LM Division), Government of India vide letter No. F.No.19020/06/2018-C&LM(E:11151) dated 06.06.2022, has forwarded the above representation to State Government to take further action so as to comply with the Orders of the Hon'ble High Court of Kerala.

**3)** Accordingly, the Vigilance Cell of Kerala Institute for Research, Training and Development Studies (KIRTADS) has been directed to prepare a study report regarding the inclusion of the Kalanady Community in the Scheduled Tribe List of the State. The Vigilance Cell of KIRTADS conducted a study on the eligibility of Kalanady Community for inclusion in the Scheduled Tribe list of the State and submitted a report.

**4)** In the detailed anthropological field study done by KIRTADS, it was

revealed that 'Kalanady' are one of the earliest inhabitants of Wayanad District in Kerala State. They are found in the South Western portions of Wayanad, Kerala. The Kalanady community which follow a complete tribal lifestyle and customs, have every right to be included in Scheduled Tribe list of the Tribes. The characteristics such as own language, ancient and primitive traits, distinctive culture, isolated behaviour, tribal rules, primitive economic activity, geographical isolation, educational and socio-economic backwardness, declining population all strengthen this argument.

5) Government of India, in January 2015, constituted a National Commission for Denotified, Nomadic and Semi-Nomadic Tribes, and entrusted it with the task of identifying and enlisting these communities State-wise, assessing the status of their development and recommending appropriate strategies for their economic upliftment. The Commission identifies certain features as the characteristics of nomadic and semi nomadic tribes.

6) KIRTADS has reported that, the Kalanady community have all the necessary features that qualify them as a nomadic community which are (i) dependency on pastoralism, (ii) entertaining other people/communities and (iii) providing medicines and herbs for livelihood. The ethnographic details of this report describe how Kalanady had seasonal physical movement as part of their livelihood strategy which is the most important feature of a nomadic lifestyle. The Kalanady were hunters, agriculturists and traditional pastoralists who depended on cattle rearing as their occupation. Again the 'Sankranthi' song of the Kalanady which was their seasonal livelihood strategy of entertaining other people were loaded with a nomadic way of life till the recent past. The Kalanady are also excellent healers who provided medicines and herbs for ailments like burns and muscle sprain. The anthropological writings about the community also traces the origins of the name "Kalanady" to a ritual dance performance the community members used to practice in the recent past for ritualistic and entertainment purposes. The community also have its own Gods, language, customs and traditions which made it a unique nomadic group. Even though the Kalanady stopped their pastoral nomadic life style due to the loss of grazing lands, they still depend heavily on cattle rearing as a secondary source of income.

It is reported that Kalanady community is a nomadic group with tribal community organization and life style.

7) The power for inclusion of a community in Scheduled Tribe List of the State is not vested with the State Government. it is vested with the Central Government (Parliament), as per article 342(2) of the Constitution of India. The power of State Government is limited to submitting recommendation in this regard to the Central Ministry. A recommendation is send by the State Government for inclusion/exclusion of a community from the list of a Scheduled Tribes of the State to the Union Ministry of Tribal Affairs. After obtaining the opinions of the Registrar General of India and the National Commission for Scheduled Tribes, The Ministry of Tribal Affairs do further procedure for amending the Constitution in the Parliament for inclusion/exclusion of a community. On the basis of the study done by KIRTADS, they have recommended to include the 'Kalanady' community in 'Scheduled Tribe' List of Kerala as the community had acquired primitive traits, distinctive culture, shyness of contact with the community at large and backwardness and hence satisfies the criteria for inclusion in the list of Scheduled Tribes.

**8)** When the file was submitted to Hon'ble Chief Minister through Hon'ble Minister for Welfare of Scheduled Castes Scheduled Tribes and Backward Classes, Chief Minister ordered to place the matter before the Council of Ministers.

**Point for Decision**

Whether the proposal for inclusion of 'Kalanady' Community in the Scheduled Tribe List of Kerala may be recommended and forwarded to Government of India?

2442

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ജി1/19/2022/പജപവവിവ |
| 2 | വകുപ്പ് | : | പട്ടികജാതി പട്ടികവർഗ്ഗ വികസന (ജി) വകുപ്പ് |
| 3 | വിഷയം | : | കളനാടി സമുദായത്തെ സംസ്ഥാന പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 09.08.2024 |
| 5 | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അല്ല |
| | ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഇല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : | ശ്രീ. അനിൽകുമാർ സി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്. | : | ശ്രീ. പുനീത് കുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 23.09.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീമതി. ശാരദാ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 27.09.2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : | ശ്രീ.ഒ.ആർ.കേളു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 01.10.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.10.2024 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 10-10-2024 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കളനാടി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്. കളനാടി സമുദായത്തെ സംസ്ഥാന പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യവുമായി കളനാടി സമുദായ സൊസൈറ്റി സെക്രട്ടറി ബഹു: ഹൈക്കോടതിയിൽ WP(C)No.6362/2012 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി. ബഹു: ഹൈക്കോടതി 23.02.2022-ലെ വിധിന്യായം പ്രകാരം ചുവടെപറയുന്ന നിർദ്ദേശങ്ങളോടെ റിട്ട് ഹർജി തീർപ്പാക്കുകയുണ്ടായി.

1. "വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് ഒരു മാസത്തിനകം ഹർജിക്കാരന് തങ്ങളുടെ ആവലാതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു നിവേദനം ഒന്നാം എതിർകക്ഷി (സെക്രട്ടറി, സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം, യൂണിയൻ ഓഫ് ഇൻഡ്യ) മുമ്പാകെ ഫയൽ ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്.
2. അത്തരം ഒരു നിവേദനം ലഭിച്ചു കഴിഞ്ഞാൽ ആയത് പരിഗണിച്ചുകൊണ്ട് ഒന്നാം എതിർകക്ഷി നിയമപ്രകാരം ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
3. ഹർജിക്കാരൻ റിട്ട് പെറ്റീഷന്റെ ഒരു പകർപ്പും വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഒന്നാം എതിർകക്ഷിക്ക് സമർപ്പിക്കേണ്ടതാണ്."

**2)** മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കളനാടി സമുദായത്തെ സംസ്ഥാനത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കളനാടി കമ്മ്യൂണിറ്റി സൊസൈറ്റി സെക്രട്ടറി ശ്രീ.കൃഷ്ണൻകുട്ടി, സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം, ഇന്ത്യൻ യൂണിയൻ മുമ്പാകെ ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത നിവേദനവും അനുബന്ധ രേഖകളും അണ്ടർ സെക്രട്ടറി, കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയം (C&LM ഡിവിഷൻ), ഗവൺമെന്റ് ഓഫ് ഇന്ത്യ, 06.06.2022 തീയതിയിൽ F.No.19020/06/2018-C&LM (E:11151) നമ്പരായി ബഹു:ഹൈക്കോടതിയുടെ വിധിന്യായത്തിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി സംസ്ഥാന സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.

**3)** കളനാടി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് ആൻഡ് ഡവലപ്മെന്റ് സ്റ്റഡീസ് (കിർത്താഡ്സ്)-ന്റെ വിജിലൻസ് സെല്ലിനെ ചുമതലപ്പെടുത്തി. അതു പ്രകാരം കിർത്താഡ്സിന്റെ വിജിലൻസ് സെൽ, കളനാടി സമുദായത്തെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള യോഗ്യതയെക്കുറിച്ച് പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

**4)** കിർത്താഡ്സ് നടത്തിയ വിശദമായ നരവംശ ശാസ്ത്ര പഠനത്തിൽ, കേരളത്തിലെ വയനാട് ജില്ലയിലെ മുൻകാല നിവാസികളിൽപ്പെട്ട ഒരു സമുദായമാണ് കളനാടി എന്നു വെളിപ്പെടുകയുണ്ടായി. കേരളത്തിൽ വയനാട്ടിലെ തെക്ക് പടിഞ്ഞാറൻ ഭാഗങ്ങളിലാണ് ഇവർ കാണപ്പെടുന്നത്. സമ്പൂർണ്ണമായ ഗോത്ര ജീവിതരീതിയും ആചാരങ്ങളും പിൻതുടരുന്ന കളനാടി സമുദായത്തിന് പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുവാൻ എല്ലാ അവകാശവുമുണ്ട്. സ്വന്തം ഭാഷ, പ്രാചീനവും പ്രാകൃതവുമായ സ്വഭാവ സവിശേഷതകൾ, വ്യതിരിക്തമായ സംസ്കാരം, ഒറ്റപ്പെട്ട പെരുമാറ്റം, ഗോത്ര നിയമങ്ങൾ, പ്രാകൃത സാമ്പത്തിക പ്രവർത്തനങ്ങൾ, ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ, വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക പിന്നാക്കാവസ്ഥ, ജനസംഖ്യ കുറയൽ തുടങ്ങിയ സവിശേഷതകളെല്ലാം ഈ വാദത്തെ ശക്തിപ്പെടുത്തുന്നു.

**5)** ഇന്ത്യാ ഗവൺമെന്റ് 2015 ജനുവരിയിൽ ഡിനോട്ടിഫൈഡ് നാടോടി അർദ്ധ നാടോടി ഗോത്രങ്ങൾക്കായി ഒരു ദേശീയ കമ്മീഷൻ രൂപീകരിക്കുകയും, ഈ സമുദായങ്ങളെ സംസ്ഥാനം തിരിച്ച് കണ്ടെത്തി പട്ടികപ്പെടുത്തുന്നതിനും അവരുടെ വികസനത്തിന്റെ അവസ്ഥ വിലയിരുത്തുന്നതിനും അവരുടെ സാമ്പത്തിക ഉന്നമനത്തിനായി വ്യക്തമായ ഉപായങ്ങൾ ശിപാർശ ചെയ്യുന്നതിനുമായി ചുമതലപ്പെടുത്തുകയും ചെയ്തു. നാടോടികളുടേയും അർദ്ധ നാടോടികളുടേയും ചില സ്വഭാവ സവിശേഷതകൾ പ്രസ്തുത കമ്മീഷൻ തിരിച്ചറിഞ്ഞിട്ടുണ്ട്.

**6)** കിർത്താഡ്സിന്റെ റിപ്പോർട്ട് പ്രകാരം, ഒരു സമുദായത്തെ നാടോടി സമുദായമായി കണക്കാക്കാൻ പര്യാപ്തമായ പ്രധാന സവിശേഷതകളായ (i)കന്നുകാലി വളർത്തലിനെ ആശ്രയിക്കുക, (ii) മറ്റ് സമുദായങ്ങളെ/ജനങ്ങളെ വിനോദിപ്പിക്കുക, (iii)

ഉപജീവനത്തിനായി നാടൻ മരുന്നുകളും ഔഷധ സസ്യങ്ങളും വിൽക്കുക എന്നിവയെല്ലാം കളനാടി സമുദായത്തിലും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ നരവംശ ശാസ്ത്രപരമായ വിശദാംശങ്ങൾ വ്യക്തമാക്കുന്നത് നാടോടി ജീവിതരീതിയുടെ പ്രധാന ഘടകമായ ഉപജീവനത്തിനായുള്ള കാലാനുസൃതമായ സഞ്ചാരം, കളനാടി സമുദായത്തിനും തിരഞ്ഞെടുക്കേണ്ടി വന്നിട്ടുണ്ട് എന്നാണ്. വേട്ടക്കാരും, കർഷകരും, പാരമ്പര്യമായി കന്നുകാലി വളർത്തുന്നവരും ആയിരുന്ന കളനാടി സമുദായക്കാർ ഉപജീവനത്തിനുള്ള മാർഗ്ഗമായി കന്നുകാലി വളർത്തലിനെ ആശ്രയിച്ചിരുന്നു. കൂടാതെ, മറ്റുള്ള ആളുകളെ രസിപ്പിക്കാൻ ഇവർ ഉപയോഗിച്ചിരുന്ന ഉപജീവന മാർഗ്ഗമായ "സംക്രാന്തി" എന്ന നാടോടി ഗാനത്തിൽ അടുത്തകാലം വരെ നാടോടി ജീവിതരീതികളെ പറ്റിയുള്ള വിവരങ്ങൾ നിറഞ്ഞിരുന്നു. പൊള്ളൽ, പേശീവലിവ് തുടങ്ങിയ രോഗങ്ങൾക്ക് മരുന്നുകളും ഔഷധ സസ്യങ്ങളും നൽകുന്ന മികച്ച രോഗശാന്തിക്കാർ കൂടിയാണ് കളനാടി. "കളനാടി" എന്ന പേരിന്റെ ഉത്ഭവം സമുദായാംഗങ്ങൾ, അനുഷ്ഠാനപരവും വിനോദപരവുമായ ആവശ്യങ്ങൾക്കായി അടുത്തകാലംവരെ അഭ്യസിച്ചുപോന്നിരുന്ന ആചാരപരമായ ഒരു നൃത്തപ്രകടനത്തിൽ നിന്നാണ് എന്ന് മേൽ സമുദായത്തെക്കുറിച്ചുള്ള നരവംശ ശാസ്ത്രപരമായ രചനകളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. സ്വന്തമായ ഭാഷയും, ദൈവങ്ങളും, ആചാരനുഷ്ഠാനങ്ങളും കളനാടി സമുദായത്തെ സവിശേഷമായ പ്രത്യേകതകളുള്ള ഒരു നാടോടി സമുദായമാക്കി മാറ്റുന്നു. മേച്ചിൽ സ്ഥലങ്ങൾ നഷ്ടപ്പെട്ടതിനാൽ കളനാടി സമുദായം തങ്ങളുടെ ഇടയ-നാടോടി ജീവിതരീതി അവസാനിപ്പിച്ചുവെങ്കിലും, അവർ ഇപ്പോഴും ദ്വിതീയ വരുമാന സ്രോതസ്സായി ആശ്രയിക്കുന്നത് കന്നുകാലി വളർത്തലിനെ തന്നെയാണ്. ആദിവാസി സമുദായ സംഘടനാ രീതിയിലുള്ള നാടോടി വിഭാഗമാണ് കളനാടി സമുദായം എന്നാണ് വെളിവാകുന്നത്.

**7)** ഒരു സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമല്ല, ഇന്ത്യൻ ഭരണഘടനയുടെ 342 (2) അനുച്ഛേദം അനുസരിച്ച് അത് കേന്ദ്ര സർക്കാരിൽ (പാർലമെന്റിൽ) നിക്ഷിപ്തമാണ്. സംസ്ഥാന സർക്കാരിന്റെ അധികാരം ഇത് സംബന്ധിച്ച് കേന്ദ്ര മന്ത്രാലയത്തിന് ശിപാർശ സമർപ്പിക്കുന്നതിന് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഒരു സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ

പട്ടികയിൽ ഉൾപ്പെടുത്തുവാൻ/ഒഴിവാക്കുവാൻ സംസ്ഥാന സർക്കാർ അയക്കുന്ന ശിപാർശ കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയം, രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടേയും, ദേശീയ പട്ടികവർഗ്ഗ കമ്മീഷന്റെയും അഭിപ്രായങ്ങൾ ലഭ്യമാക്കിയ ശേഷം, പാർലമെന്റിൽ വച്ച് ഭരണഘടന ഭേദഗതി വരുത്തിയാണ് പ്രസ്തുത സമുദായത്തെ ഉൾപ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്യുന്നത്. കിർത്താഡ്സ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുന്നതിനാവശ്യമായ മാനദണ്ഡങ്ങളായ സമുദായ പ്രാകൃത സ്വഭാവങ്ങളും, വ്യതിരിക്തമായ സംസ്കാരവും, സമൂഹവുമായുള്ള സമ്പർക്കത്തിന്റെ സങ്കോചവും, വലിയ രീതിയിലുള്ള പിന്നോക്കാവസ്ഥയും കളനാടി സമുദായം പാലിക്കുന്നു എന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത സമുദായത്തെ സംസ്ഥാനത്തിന്റെ 'പട്ടികവർഗ്ഗ' പട്ടികയിൽ ഉൾപ്പെടുത്താൻ കിർത്താഡ്സ് ശിപാർശ ചെയ്തു.

**8)** ബഹു: പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി മുഖേന ഫയൽ ബഹു: മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

കേരളത്തിലെ പട്ടികവർഗ്ഗ ലിസ്റ്റിൽ 'കളനാടി' സമുദായത്തെ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ശിപാർശ ചെയ്ത് കേന്ദ്ര സർക്കാരിന് കൈമാറാമോ?